# പോലീസ് വകുപ്പ്

കേരളം

**No. B6-57257/2021/TC**

സിറ്റി പോലീസ് ഓഫീസ്,
തിരുവനന്തപുരം
cptvm.pol@kerala.gov.in
04712320579
തീയതി. 18-09-2023

**പുനർലേല പരസ്യം**

പാളയം പോലീസ് ക്വാർട്ടേഴ്സിൻറെ കോമ്പൌണ്ടിൽ നിന്നിരുന്ന മഴമരത്തിൻറെ ശിഖരങ്ങൾ മാറ്റിക്കൊണ്ടു പോകുന്നതിനായുള്ള ലേലം **21/09/2023** തീയതിയിൽ രാവിലെ **11.00** മണിക്ക് ടി പരിസരത്ത് വച്ച് നടത്തുന്നതാണ്. ഈ ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ലേല ദിവസം രാവിലെ **11.00** മണിക്ക് മുൻപായി നിരതദ്രവ്യമായി **40/-** രൂപ **(നാൽപ്പത് രൂപ മാത്രം)** ലേല സ്ഥലത്ത് അടച്ച രസീത് വാങ്ങേണ്ടതാണ്. കൂടുതൽ തുകക്ക് ലേലം വിളിക്കുന്ന വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്.

ലേലം കൊള്ളുന്ന വ്യക്തി നിരതദ്രവ്യം കഴിച്ച് ലേലസംഖ്യയും ലേല തുകയുടെ **5%** വനവികസന നികുതിയും വനവികസന നികുതിയുടെയും ലേലതുകയുടെയും **18%** ജി.എസ്.റ്റി യും മറ്റ് നിയമാനുസൃത നികുതികളും കൂടി അടക്കേണ്ടതാണ്. വനവികസനനികുതിയായി അടക്കുന്ന തുക **"0406-01-101-96-00-FDT"** എന്ന ശീർഷകത്തിൽ ഡിവിഷൻകോഡ് **2/1001** ആയി ചെലാൻ മുഖാന്തിരം സർക്കാർ ഖജനാവിൽ ഒടുക്കി ഒറിജിനൽ രസീത് ഹാജരാക്കേണ്ടതാണ്. ടി രസീത് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരം ആഫീസിലേക്ക് അയച്ചു കൊടുക്കുന്നതാണ്.

മേൽ പ്രസ്താവിച്ച ലേലവ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ,ലേലം കൈകൊണ്ടയാൾ നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മൊത്തം തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും,ടി ശിഖരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും.അപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻലേലക്കാര നിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലേലതുക ലഭിക്കുകയാണെങ്കിൽ ടി അധിക തുകയിൽ മുൻലേലക്കാരന് യാതൊരുവിധ അവകാശമോ, അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ലേല ദിവസത്തിന് മുൻപുള്ള പ്രവൃത്തി ദിനങ്ങളിൽ രാവിലെ **11.00** നും വൈകീട്ട് **4.00** നും ഇടക്കുള്ള സമയങ്ങളിൽ കമാണ്ടൻറ് ആഫീസറുടെ സാന്നിധ്യത്തിൽ ലേലം ചെയ്യുന്ന ശിഖരങ്ങൾ പരിശോധിക്കാവുന്നതാണ്.

ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും ലഭിച്ചു കഴിഞ്ഞാലുടൻ ലേലം കൊണ്ടയാൾ എത്രയും പെട്ടെന്ന് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ടി ശിഖരങ്ങൾ മാറ്റി ക്കൊണ്ടു പോകേണ്ടതാണ്.

ബിജി ജോർജ് റ്റി
ഡെപ്യൂട്ടി പോലീസ് കമ്മീഷണർ
For Inspector General & Commissioner of Police

| | | |
|---|---|---|
| സ്വീകർത്താവ് | : | ബോർഡ് അംഗങ്ങൾക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി |
| പകർപ്പ് | : | എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും / ബറ്റാലിയൻ കമാണ്ടൻറുമാർക്കും അറിവിലേക്ക് വ്യാപക പരസ്യത്തിനുമായി / എസ്.എച്ച്.ഒ മാർക്ക് തദ്ദേശനിവാസികളിൽ വ്യാപക പരസ്യത്തിനായി / കമാണ്ടൻറ്, എ.ആർ, തിരു. സിറ്റി/കാഷ്യർ, സി.പി.ഒ/ കാഷ്യർ, എ.ആർ എന്നിവർക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി |

B6-57257/2021/TC be5329